# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി .പി. 17/1213/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 11/10/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി.കെ.ഡി .പി. 17/1213/21 തീയ്യതി: 11/10/2021

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 03-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യൂ, ഓഡിറ്റ് ഓഫീസർ,
ശ്രീമതി. സുജാത.എ, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ബീന.എം.വി, സീനി. ഗ്രേഡ് ഓഡിറ്റർ,
ശ്രീ. മോഹനൻ,കെ.എ), ഓഡിറ്റർ,
ശ്രീ. സന്ദീപ്.കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു കൃഷ്ണദാസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതിഷീബ സുനിൽ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. രാജീവ് .വി.വി. | സെക്രട്ടറി | 01-04-2020 | 23-07-2020 |
| ശ്രീമതി.ബിന്ദു.എസ്.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2020 | 28-07-2020 |
| ശ്രീ. വിനോദ് .എ.കെ | സെക്രട്ടറി | 29-07-2020 | 01-03-2021 |
| ശ്രീമതി.ബിന്ദു.എസ്.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അജിമോൾ .ടി.ജെ | അസി.എഞ്ചിനീയർ | 01-04-2020 | 28-07-2020 |
| ശ്രീമതി.തുളസി.കെ | അസി.എഞ്ചിനീയർ | 29-07-2020 | 18-10-2020 |
| ഷിനോജ്.സി | അസി.എഞ്ചിനീയർ | 19-10-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.എസ്.എസ്. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത. എൻ. ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 01-06-2020 |
| ശ്രീമതി.രേവതി. ജി. നാഥ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-06-2020 | 03-11-2020 |
| ശ്രീമതി.സ്മിത. എൻ. ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-11-2020 | 03-02-2021 |
| ശ്രീമതി. വിജയകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-02-2021 | 31-03-2021 |
| ഡോ. ശ്രീജിത്ത്. വി.വി. | വെറ്റിനറി സർജൻ | 01-04-2020 | 05-07-2020 |
| ഡോ. ഭാഗ്യ ലക്ഷ്മി. പി. എസ്. | വെറ്റിനറി സർജൻ | 06-07-2020 | 31-03-2021 |
| ശ്രീമതി. രേഷ്മ .എൻ.ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അർച്ചന | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. രാധാകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-05-2020 |
| ഡോ. ഫാത്തിമ രഹ്ന | മെഡിക്കൽ ഓഫീസർ | 01-06-2020 | 17-09-2020 |

| | | | |
|---|---|---|---|
| | (ആയുർവ്വേദം) | | |
| ഡോ. ധന്യ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 18-09-2020 | 22-12-2020 |
| ഡോ. സന്ധ്യ .എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 23-12-2020 | 17-02-2021 |
| ഡോ. അപർണ എസ്. നായർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 18-02-2021 | 31-03-2021 |
| ഡോ. രഹന എം. രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 29-01-2021 |
| ഡോ. ഷറീന. കെ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30-01-2021 | 31-03-2021 |
| ശ്രീമതി.രമാദേവി. എൻ. കെ. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കൃഷ്ണപ്രിയ.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 06-02-2021 |
| ശാലിനി. എസ്. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-02-2021 | 31-03-2021 |
| ശ്രീമതി.വിധു വർക്കി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A. Sujatha (Asst. Audit Officer, On 10-09-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 01-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-2 |
| 3 | വാർഷിക കണക്കുകളിൽ കാണുന്ന അപാകതകൾ<br>Written By: Biju Antony (Audit Officer, On 07-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: Biju Antony (Audit Officer, On 14-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: A. Sujatha (Asst. Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-5 |
| 7 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ<br>Written By: A. Sujatha (Asst. Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.V.Beena (Senior Grade Auditor, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sandeep KV (Auditor, On 14-09-2021)<br>Last Updated By: Sandeep KV (Auditor, On 14-09-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: A. Sujatha (Asst. Audit Officer, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-10 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 15-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-11 |
| 14 | വസ്തു നികുതി ഇളവ് അപാകതകൾ<br>Written By: Mohanan K.A (Auditor, On 20-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-12 |
| 15 | റേഷൻ കടകൾ, കള്ള്ഷോപ്പുകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.<br>Written By: Mohanan K.A (Auditor, On 20-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-13 |
| 16 | മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ്<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-14 |
| 17 | കോവിഡ് പ്രതിരോധപ്രവർത്തനം- അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-15 |
| 18 | | 1-16 |

| | | |
|---|---|---|
| | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | |
| 19 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്- ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-17 |
| 20 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം<br>Written By: A. Sujatha (Asst. Audit Officer, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-18 |
| 21 | MGNREGS- മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ നടത്തിയതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 23-09-2021)<br>Last Updated By: Biju Antony (Audit Officer, On 23-09-2021) | 1-19 |
| 22 | മൽസരാധിഷ്ഠിത രീതിയിൽ ഇ-ടെണ്ടർ നടത്തിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-19-1 |
| 23 | കരാറുകാർ ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളില്ല<br>Written By: A. Sujatha (Asst. Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-19-2 |
| 24 | സോഴ്സിൽ നിന്നും ഈടാക്കേണ്ട ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-19-3 |
| 25 | പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-20 |
| 26 | നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-21 |
| 27 | മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-22 |
| 28 | ടാർ ബാരലിന്റെ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-23 |
| 29 | ലൈഫ് പദ്ധതി - എസ്സ്.സി -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: M.V.Beena (Senior Grade Auditor, On 22-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-24 |
| 30 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: M.V.Beena (Senior Grade Auditor, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടാർ ബാരലിന്റെ വില മരാമത്ത് ബില്ലുകളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: Biju Antony (Audit Officer, On 14-09-2021) | 4-1. |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: Biju Antony (Audit Officer, On 14-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: Biju Antony (Audit Officer, On 14-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 14-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-9 |
| 10 | പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Biju Antony (Audit Officer, On 23-09-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 11-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക്- വിവിധ പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം പാസാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 238,000.00 |
| തൻവർഷം വരവ് | 138,609,602.00 |
| ആകെ വരവ് | 138,847,602.00 |
| ചെലവ് | 137,760,102.00 |
| നീക്കിയിരിപ്പ് | 1,087,500.00 |

2020-21 വർഷത്തിൽ ബഡ്ജറ്റ് പരിഷ്കരിച്ചതിന്റെ വിവരം ലഭ്യമായില്ല. ബഡ്ജറ്റ് വരവിന്റെ 36% വരവും ബഡ്ജറ്റ് ചെലവിന്റെ 32% ചെലവും മാത്രമാണ് വാർഷിക കണക്ക് പ്രകാരം യഥാർത്ഥത്തിൽ ഉള്ളത്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 4-5-2021 | - | - |

### 1-2-1 വാർഷിക കണക്കുകളിൽ കാണുന്ന അപാകതകൾ

* ആസ്തി റജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

*MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

MGNREGS ന്റെ ശരിയായ അഡ്മിനിസ്ട്രേഷൻ ചെലവുകൾ താഴെപ്പറയും പ്രകാരമാണ്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3161 | 2859364 | 2862525 | 2857570 | 4955 |

എന്നാൽ വാർഷിക കണക്കിൽ MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ ചെലവായി ചേർത്തിരിക്കുന്നത് മേൽസൂചിപ്പിച്ച കണക്കുകളിൽ നിന്ന് വ്യത്യസ്തമായിട്ടാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4587552 |
| വരവ് | 45727376 |
| ആകെ | 50314928 |
| ചെലവ് | 44620492 |
| നീക്കിയിരിപ്പ് | 5694436 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 5836259 | 5836259 | 5835219 | 1040 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 6873968 | 6873968 | 6153399 | 720569 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 25000 | 25000 | - | പട്ടികവർഗ്ഗ വിഭാഗം ഇല്ല |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 8855000 | 8855000 | 5049390 | 3805610 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 3251000 | 3251000 | 2985832 | 1012125 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4316455 | 4316455 | 3239817 | 1076638 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 3140000 | 3140000 | 480376 | 2659624 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1090822 | 1448354 | 2539176 | 986020 | 1553156 |
| ടി എസ് സി ഫണ്ട് | 0 | 130000 | 130000 | 130000 | 0 |
| ICDS | 89679 | 616351 | 706030 | 500000 | 206030 |
| ലൈഫ് ഭവനം | 0 | 600000 | 600000 | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാന വിഹിതം | | | | | |

- അലോട്ട്മെന്റ് പ്രകാരം ലഭ്യമായ ആകെ സർക്കാർ ഗ്രാന്റ് തുകയായ 32297682/- രൂപയിൽ ആകെ ചെലവഴിച്ച തുക 23744033/- രൂപയാണ്. പ്രസ്തുത ചെലവ് പദ്ധതി ചെലവിന്റെ 73.5% മാത്രമാണ്. പദ്ധതി വിഹിതം മുഴുവനായും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 57654528 | 95 | 31406517 | - | 57 | 62.5 |

## 1-5-1 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 5592062 | 4242617 | 76 |
| വി.ഇ.ഒ-1 | 12 | 6 | 15956081 | 3950800 | 25 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 2585000 | 2050788 | 79 |
| സെക്രട്ടറി | 22 | 8 | 3915981 | 2872583 | 73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 49 | 23120607 | 12681662 | 55 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 856500 | 583358 | 68 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 539600 | 539600 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 1677600 | 1309400 | 78 |
| പ്രധാന അധ്യാപകൻ | 3 | 2 | 549546 | 534529 | 97 |
| ഡയറി ഫാം ഇൻസ്പെക്ടർ | 3 | 3 | 1373801 | 1373801 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 1287750 | 1067377 | 83 |
| ആകെ | 152 | 95 | 57654528 | 31406517 | 54 |

വി ഇ ഒ ഒഴികെയുള്ള എല്ലാ നിർവ്വഹണോദ്യോഗസ്ഥരും 50 ശതമാനത്തിന് മുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3161 | 2859364 | 2862525 | 2857570 | 4955 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 35633750 | 35633750 | 35633750 | 0 |
| ആകെ | 3161 | 38493114 | 38496275 | 38491320 | 4955 |

*MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ ചെലവുകൾ Advance To Others എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ശരിയായ ഹെഡിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4116800 | 284 |
| വിധവാപെൻഷൻ | 10807500 | 688 |
| വാർദ്ധക്യകാലപെൻഷൻ | 21343400 | 1421 |
| വികലാംഗപെൻഷൻ | 2746200 | 179 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1742900 | 109 |
| പാവപ്പെട്ട വിധവകളുടെ | 210000 | 7 |

| | | |
|---|---|---|
| പെൺമക്കൾക്ക് വിവാഹധനസഹായം | | |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-09-2021 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12955/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2020-21 വർഷത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതാണ്. 2020-21 ൽ ലഭ്യമായ പദ്ധതി ഫണ്ട് തുകയിൽ 9275606 രൂപ ചെലവഴിക്കാൻ കഴിയാതെ ലാപ്സ് ആയി. ഭാവിയിൽ ലഭ്യമാവുന്ന മുഴുവൻ അലോട്ട്മെന്റ് തുകയും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്. വസ്തു നികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2020-21ൽ വസ്തു നികുതി 100% പിരിച്ചെടുത്തിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്. തൊഴിലുറപ്പുപദ്ധതിയുടെ മെറ്റീരിയൽ പർച്ചേസിന് മൽസരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. എം. ബുക്ക് സ്റ്റോക്ക് റജിസ്റ്റർ ഭാഗികമായി മാത്രമേ എഴുതിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-7-2021 | 1-4-2021— 30-6-2021 | 12-7-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-08-2013-- 10-09-2013 | 2008-09 To 2012-13 | 21-7-2014 |

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സുഗുണ ഉണ്ണി |
| 2 | ജയപ്രസാദ് |
| 3 | ജിജി കെ.ഇട്ടൻ |
| 4 | ടി.പി. ബാലകൃഷ്ണൻ |
| 5 | വിവേകാനന്ദൻ |
| 6 | ഹരിദാസ് |
| 7 | ഷിജു |
| 8 | മനോജ് |

തൊഴിൽ നികുതി ഈടാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ കാലികമാക്കേണ്ടതും, ഡിമാന്റ് രജിസ്റ്റർ, ഒന്നും രണ്ടും വർഷത്തെ റിട്ടേണുകൾ എന്നിവ ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/09-09-2021) നൽകിയ മറുപടിയിൽ കരാറുകാർ സമീപ പഞ്ചായത്തുകളിൽ കരാർ പ്രവൃത്തിയിൽ ഏർപ്പെടുന്നതിനാൽ ആ പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ കരാറുകാരിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ കാലികമാക്കി ഡിമാന്റ് രജിസ്റ്റർ ഒന്നും രണ്ടും വർഷത്തെ റിട്ടേണുകൾ ക്രമ നമ്പറിട്ട് സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി ഇളവ് അപാകതകൾ

എല്ലാ വിമുക്ത ഭടന്മാരുടെയും, അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ സ.ഉ. (കൈ)നം. 106/17/

ത.സ്വ.ഭ.വ. തിയതി. 26/05/2017 പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇളവ് ലഭ്യമാവുന്നതിന് ഓരോ വർഷവും മാർച്ച് 31 ന് മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം നൽകേണ്ടതാണ്.

2020-2021 വർഷത്തിൽ വിമുക്ത ഭടന്മാരുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇളവിന് അർഹതയുള്ള മുഴുവൻ പേരിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. ഇളവിന് അർഹതയുള്ള 81 പേരിൽ മാർച്ച് 31 ന് മുമ്പ് 30 പേരിൽ നിന്നുമാണ് സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന വിമുക്ത ഭടന്മാരിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ.(എം.എസ്)നം. 144/15/ത.സ്വ.ഭ.വ. തിയതി. 27-04-2015 പ്രകാരം 60 ച.മീ. (660 ച.അടി) വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-2016 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തുയിട്ടുണ്ട്). നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2020-2021 വർഷത്തിൽ 660 ച. അടി വരെ വിസ്തീർണ്ണമുള്ള കെട്ടിട ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുകയും, ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുകയും ചെയ്തിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20-09-2021) നൽകിയ മറുപടി.

(1) വിമുക്ത ഭടന്മാരുടെ നികുതി ഇളവ് അപേക്ഷകൾ വരും വർഷങ്ങളിൽ മാർച്ച് 31 ന് മുമ്പ് സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) വസ്തു നികുതി ഇളവിന് അർഹതയുള്ള എല്ലാവരുടെയും സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. കൊറോണ, മഹാമാരി, ലോക്ക്ഡൗൺ മൂലമുള്ള ഫ്രണ്ട് ഓഫീസ് നിയന്ത്രണം കാരണം മാർച്ച് 31 ന് ശേഷവും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(3) 660 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിട ഉടമകളിൽ നിന്നും അപേക്ഷ സ്വീകരിച്ചതിനു ശേഷം പരിശോധനയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ഒഴിവാക്കി നൽകുകയും സഞ്ചയയിൽ രേഖപ്പെടുത്തുന്നുമുണ്ട്. ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതാണ്.

(4) കെട്ടിട ഉടമകളിൽ നിന്നും കെട്ടിട നികുതി ഒഴിവാക്കുന്നതിന് ലഭിച്ച അപേക്ഷകൾ സൂക്ഷിച്ചിട്ടുണ്ട്. ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതാണ്.

<u>1-13 റേഷൻ കടകൾ, കള്ള്ഷോപ്പുകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-2021 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്)എ.9-764/2019 തിയ്യതി: 22-01-2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/20-09-2021) നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്കും, കള്ള് ഷോപ്പുകൾക്കും നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിച്ചുണ്ട്.

## 1-14 മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

1) സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും മതിയായ സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടോ, ആയത് തിരികെ നൽകിയത് യഥാസമയം ആണോ എന്നീ പരിശോധനകൾ നടത്താൻ സാധിച്ചിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി സംബന്ധിച്ച രജിസ്റ്റർ ഇല്ലാത്തതിനാൽ സെക്യൂരിറ്റികൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകൾ ഉണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) ടെണ്ടർ ഫോം ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. കൂടാതെ ഇത് സാമ്പത്തിക മൂല്യം ഉള്ളവ ആകയാൽ ദുരുപയോഗം ചെയ്യപ്പെടാനും ഇത്തരം അവസ്ഥ ഇടയാക്കും. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3) എം. ബുക്ക് സ്റ്റോക്ക് രജിസ്റ്റർ ഭാഗികമായി മാത്രമേ എഴുതിയിട്ടുള്ളു.

2018-19 വരെയുള്ള മരാമത്ത് പ്രവൃത്തികളുടെ വിവരം മാത്രമാണ് എം.ബുക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20, 2020-21 വർഷത്തിൽ ഇഷ്യൂ ചെയ്തിട്ടുള്ള എം.ബുക്കുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതിയിട്ടില്ല. അതിനാൽ മരാമത്ത് പ്രവൃത്തികളുടെ അളവുകൾ സംബന്ധിച്ച് ആധികാരിക രജിസ്റ്ററായ എം.ബുക്ക് ദുരുപയാഗം ചെയ്യപ്പെടാനുള്ള സാധ്യതകൾ ഉണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4) റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റോഡിന്റെ ആകെ നീളത്തിൽ എത്രഭാഗം ടാറിംഗ്, മെറ്റലിങ്ങ്, കോൺക്രീറ്റ്, മണ്ണ് റോഡ് എന്നൊന്നും കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് റോഡ് പ്രവൃത്തികളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് ഓരോ വർഷവും വകയിരുത്തുന്ന പ്രോജക്ടുകളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 കോവിഡ് പ്രതിരോധപ്രവർത്തനം- അവലോകനം

2020-21 വർഷാരംഭം മുതൽ ഉണ്ടായിട്ടുള്ള കോവിഡ് മാഹാമാരി നേരിടുന്നതിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ള കോവിഡ് പ്രതിരോധപ്രവർത്തനം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

എ) പ്രതിരോധ പ്രവർത്തനത്തിനായുള്ള പദ്ധതികൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. 2021-22 വർഷത്തിൽ പദ്ധതി ഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തി കോവിഡ് പ്രതിരോധപ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ബി) തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ

ഓഡിറ്റ് വർഷത്തിൽ പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹന വാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റീൻ ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ആകെ 1,27,594/- രൂപ ചെലവഴിച്ചിട്ടുണ്ട്.

DDMA ഫണ്ട് 50,000/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 50,000/- രൂപ ട്രഷറി ബിൽനം.15/21.8.20 പ്രകാരം പിൻവലിച്ച് കോവിഡ് പ്രവർത്തനങ്ങൾക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. ആയതിൽ നിന്നും 31,509/- രൂപ ചെലവഴിച്ചു. നീക്കിയിരുപ്പുള്ള 18,491/- രൂപ തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്യുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന് തനത് വരുമാനം വളരെ കുറവായതിനാൽ കോവിഡ് പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് പരിമിതി നേരിടുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സംഭാവന വഴി സ്വീകരിക്കാവുന്നതാണ്.

സി) സി.എഫ്.എൽ.ടി.സി

2020-21 വർഷത്തിൽ ക്വാറന്റൈൻ ആവശ്യമുള്ള രോഗികളെ താമസിപ്പിക്കുന്നതിന് ക്വാറന്റൈൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ ഹോം ക്വാറന്റൈൻ രീതിയാണ് തുടർന്നുവരുന്നത്.

ക്വാറന്റൈനിലുള്ള രോഗികൾക്ക് സൗകര്യം ഒരുക്കുന്നതിനായി താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 22000573/14.10.20 | 31059 | 50 കിടക്കകൾ |
| 22000593/27.10.20 | 14464 | പൾസ് ഓക്സി മീറ്റർ-5<br>ബി പി അപ്പാരറ്റസ്-1<br>ഗ്ലൂക്കോ മീറ്റർ-1 |
| 22000646/4.11.20 | 2499 | തെർമോ മീറ്റർ-1 |

വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കൈമാറിയിരിക്കുന്നു. കോവിഡ് രോഗികളെ പരിശോധിക്കുന്നതിനും ഹോം ഐസലേഷനിലുള്ള രോഗികൾക്കുവേണ്ടിയുമാണ് നിലവിൽ ആയത് ഉപയോഗിച്ചു വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഹോളി ഫാമിലി സ്കൂളിൽ ആരംഭിക്കുന്ന ഡി.സി.സി യിലാണ് കിടക്കകൾ സൂക്ഷിച്ചിട്ടുള്ളത്. താരതമ്യേന പരിമിതമായ സൗകര്യം ഉള്ളതിനാലും തനത് ഫണ്ടിന്റെ അപര്യാപ്തത കൊണ്ടും ജീവനക്കാരെ നിയമിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതിനാൽ നിലവിൽ ഡി.സി.സി പ്രവർത്തിക്കുന്നില്ല. തൊട്ടടുത്ത് തന്നെയുള്ള കോങ്ങാട് സി.എച്ച്.സിയിലാണ് കോവിഡ് രോഗികളെ പ്രവേശിപ്പിച്ച് ചികിൽസ നൽകി വരുന്നത്.

ഡി) കമ്മ്യൂണിറ്റി കിച്ചൻ

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തന സജ്ജമാക്കുന്നതിനായി 2020-21 വർഷത്തിൽ പാചക തൊഴിലാളികളുടെ വേതനമായി 26,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. നടത്തിപ്പിനു വേണ്ടിയിരുന്ന മറ്റു സാധന സാമഗ്രികൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുകയായിരുന്നു.

ഇ) ജനകീയ ഹോട്ടൽ

വിശപ്പു രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്. ജനകീയ ഹോട്ടലിന്റെ വാടക വാടകക്കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിവരുന്നുണ്ട്.

എഫ്) മറ്റ് പ്രവർത്തനങ്ങൾ

പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷക്ക് ന്യൂനപക്ഷ ഹെൽപ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ചെലവുകളൊന്നും ഉണ്ടായിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രസിഡന്റ് ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും പഞ്ചായത്ത് തല മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കോവിഡ് പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് പോലീസ് എന്നിവരുമായി ഏകോപ്പിച്ച്

നടത്തിവരുന്നുണ്ട്. വാർഡ് തല മോണിട്ടറിംഗ് സമിതികൾ സേവനരംഗത്തുണ്ട്. പഞ്ചായത്തിൽ നിലവിൽ 18 വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ 97% പേർക്കും ആദ്യ ഡോസ് വാക്സിൻ നൽകിക്കഴിഞ്ഞു. 33% പേർക്കാണ് രണ്ട് ഡോസും നൽകിയിട്ടുള്ളത്.

1-16 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

കോങ്ങാട്, പത്തിരിപ്പാല എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് 2019-20, 2020-21 വർഷങ്ങളിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല.

നിലവിലെ കണക്കനുസരിച്ച് ആകെയുള്ള തെരുവ് വിളക്കുകളുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| LED | 290 |
| Tube Light | 58 |
| CFL | 130 |
| **ആകെ** | 478 |

ഇത് പ്രകാരമാണ് വാർഷിക മെയിന്റനൻസിന് തുക അനുവദിച്ചിട്ടുള്ളത്. തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുള്ള പോസ്റ്റിന്റെ നമ്പർ രേഖപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിളക്കുകളുടെ തരം ഇതിൽ വ്യക്തമാക്കിയിട്ടില്ല.

1) മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വിവരം

പത്തിരിപ്പാല സെക്ഷനിൽ 9 കൺസ്യൂമർ നമ്പറിനു കീഴിലുള്ള വിളക്കുകൾക്കും കോങ്ങാട് സെക്ഷനിലെ 21 കൺസ്യൂമർ നമ്പറുകളിലെ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

കോങ്ങാട് സെക്ഷനിലെ കൺസ്യൂമർ നമ്പർ 1165237025502നു കീഴിലുള്ള തെരുവ് വിളക്കുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നുണ്ട്. കെ എസ് ഇ ബി യുടെ കണക്ക് പ്രകാരം ഈ കൺസ്യൂമർ നമ്പരിനു കീഴിലുള്ള വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി 60W | 1 | 112 | 112 |
| സോഡിയം വേപ്പർ ലാമ്പ് | 1 | 492 | 492 |
| CFL 22W | 19 | 35 | 665 |
| CFL 18W | 96 | 29 | 2784 |
| LED 18W | 64 | 15 | 960 |
| LED 12W | 189 | 10 | 1890 |
| ആകെ | | | 6903 |

2) വൈദ്യുതി ചാർജിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലായി താഴെപ്പറയും പ്രകാരമാണ് വൈദ്യുത ചാർജിനത്തിൽ കെ എസ് ഇ ബിയിലേക്ക് ഒടുക്കിയിട്ടുള്ളത്. ഈയിനത്തിൽ കുടിശ്ശികയൊന്നും ഒടുക്കാനുള്ളതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല

| വർഷം | തുക |
|---|---|
| 2019-20 | 249667 |
| 2020-21 | 286973 |

3) തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2020-21 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | ചെലവഴിച്ച തുക |
|---|---|
| 162/21 തെരുവ് വിളക്ക് റിപ്പയർ (സ്പിൽ ഓവർ) | 273000 |
| 177/21 തെരുവ് വിളക്ക് റിപ്പയർ ബാക്കി തുക നൽകൽ | 27300 |

റിപ്പയറിനാവശ്യമായ സാധനങ്ങൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

4) നിലാവ് പദ്ധതി

സ.ഉ(കൈ) നം.202/2020/തസ്വഭവ തീയതി 25.12.2020 ഉത്തരവ് പ്രകാരം നിലാവ് പദ്ധതി ഏറ്റെടുത്ത് പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള എല്ലാ ലാമ്പുകൾക്കു പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി ആയുസ്സ് കൂടുതൽ ഉള്ളതിനാൽ ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

5) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

6) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

<u>1-17 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്- ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ "കള്ളപ്പാടി കുടിവെള്ള പദ്ധതി" എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. ഓഡിറ്റ് വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ചെലവ് തുക | |
|---|---|---|
| | 2019-20 | 2020-21 |
| വൈദ്യുതി ചാർജ്ജസ് | 10935 | 11076 |
| ആസ്തി പരിപാലന ചെലവ് | 3025 | 700 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 27450 | 27375 |

| | | |
|---|---|---|
| ആകെ | 41410 | 39151 |

ഈ പദ്ധതിയിൽ നിന്നും 2019-20, 2020-21 വർഷത്തിൽ കുടിവെള്ള ചാർജിനത്തിൽ തുകയൊന്നും പിരിച്ചെടുത്തിട്ടില്ല. കുടിവെള്ള ചാർജ്ജ് പിരിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/14.9.21) കള്ളപ്പാടി കുടിവെള്ള പദ്ധതിയിൽ 28 പൊതുടാപ്പുകൾ മാത്രമാണ് ഉള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനത് വരുമാനം വളരെ കുറഞ്ഞ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഭാവിയിൽ ബാധ്യതയായി മാറുന്നതാണ്. ഗുണഭോക്തൃസമിതിക്ക് പദ്ധതി കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് നിലവിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും ഈ പദ്ധതി പൂർത്തിയാകുന്നതോടെ പൊതുടാപ്പുകൾ ഒഴിവാകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ- കുടുംബശ്രീ ചാർജ് ഓഫീസർ (അസി.സെക്രട്ടറി)

സമൂഹത്തിലെ ഏറ്റവും നിരാലംബരായ വ്യക്തികളെ കണ്ടെത്തി അവരെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കാവശ്യമായ സേവനപരിചരണ പാക്കേജുകൾ നൽകുന്നതിനും സ.ഉ (എം.എസ്) നം.252/2017/തസ്വഭവ, തീയതി 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ അഗതികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

അഗതി രഹിത പദ്ധതി പ്രകാരം ആകെ 172 ഗുണഭോക്താക്കളാണ് ഉള്ളത്. കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനു ശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ KS/L/251/2019, 9.3.2019 പ്രകാരം അഗതി രഹിതകേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 172 കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉള്ളത്. ഭക്ഷണം ഒഴികെ മറ്റു പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. നിലവിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിക്ക് മാത്രമാണ് തുക വിനിയോഗിക്കുന്നത്.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 11 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 14 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 0 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | - |
| | | |

| | | |
|---|---|---|
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - |
| 7 | മരുന്ന് | 51 |
| 8 | വിദ്യാഭ്യാസം | 6 |

അഗതി രഹിതകേരളം ആക്ഷൻ പ്ലാൻ പ്രകാരം 8013200/-രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്. ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക അഗതി രഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് നടത്തിയ ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| സേവനം | 2019-20 | 2020-21 |
|---|---|---|
| ഭക്ഷ്യകിറ്റ് വിതരണം | 742000 (ചലഞ്ച് ഫണ്ട്) | 964384 (ചലഞ്ച് ഫണ്ട്) |
| മരുന്ന് | - | 16945 (ചലഞ്ച് ഫണ്ട്) |

2020-21 വർഷം വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതി- ഭവന പുനരുദ്ധാരണം(പ്രൊജക്ട് നം.64/21) എന്ന പദ്ധതിക്കായി 50,000/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

ലൈഫ് പദ്ധതിയിൽ അഗതി ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല

സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/2017/ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അഗതി രഹിത കേരളം ആക്ഷൻപ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 11 ഗുണഭോക്താക്കൾ ഉള്ളതിൽ 2 ഗുണഭോക്താക്കളെ മാത്രമാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുഴവൻ ഗുണഭോക്താക്കളെയും ലൈഫ് പദ്ധതിയിലേക്ക് മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/15.09.2021) വാസയോഗ്യമായ വീടില്ലാത്തവരെ ലൈഫ് മിഷൻ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഘടകങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 MGNREGS- മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ നടത്തിയതിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ 26 പ്രവർത്തികളും 2020-21 വർഷത്തിൽ 27 പ്രവർത്തികളുമാണ് നടപ്പിലാക്കിയിട്ടുള്ളത്. മെറ്റീരിയൽ പ്രവർത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1-19-1 മൽസരാധിഷ്ഠിത രീതിയിൽ ഇ-ടെണ്ടർ നടത്തിയില്ല

2019-20 വർഷത്തിൽ 26 വർക്കുകൾക്കുള്ള മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിന് 23.11.2019 ന് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയും 3.12.2019 ന് നടന്ന ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ റീടെണ്ടർ ചെയ്യാൻ 17.12.2019 തീരുമാനിക്കുകയും ചെയ്തു. റീടെണ്ടറിൽ 6 കാരാറുകാർ ടെണ്ടർ ഫോം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ചില നിശ്ചിത വർക്കുകൾ മാത്രം ക്വാട്ട് ചെയ്ത് ആയതിനുമാത്രം ടെണ്ടർ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത ടെണ്ടർ പ്രകാരം 26 വർക്കുകൾ 6 കരാറുകാർക്കായി നൽകിയിട്ടുണ്ട്.

2020-21 വർഷത്തിൽ മെറ്റീരിയൽ വർക്ക് ഉൾപ്പെടുന്ന 27 പ്രവർത്തികൾക്ക് ഫയൽ നം. എ2-572/2020 തീയതി 18.6.2020 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ഭരണസമിതിയുടെ 7.7.2020 തീയതിയിലെ 3/1 തീരുമാന പ്രകാരം 26 പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വർക്കിനും രണ്ട് വീതം ടെണ്ടറുകളാണ് ലഭ്യമായിട്ടുള്ളത്.

സ.ഉ(കൈ)നം.93/2012/തസ്വഭവ, തീയതി 31.3.2012 തൊഴിലുറപ്പ് സാധനസാമഗ്രികൾ വാങ്ങലും സംഭരണവും വിനിയോഗവും മാർഗനിർദ്ദേശം പ്രകാരം മെറ്റീരിയൽ വർക്കിനാവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച എല്ലാ പ്രവൃത്തികളിലും കോൺക്രീറ്റ്, സൈഡ് കെട്ടൽ എന്നിവയിലെ ഇനങ്ങൾക്കാവശ്യമായ സാധന സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്. എല്ലാ പ്രവർത്തികൾക്കും ആവശ്യമായ മെറ്റിരീയലുകളുടെ അളവ് കണക്കാക്കി ആകെ തുകക്ക് ഈ-ടെണ്ടർ ചെയ്ത് റണ്ണിംഗ് കോൺട്രാക്ട് നൽകുന്നതിനു പകരം ഓരോ പ്രവർത്തിക്കുമായും ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ഓരോ വർക്കിനും പ്രത്യേകമായി പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശം പാലിച്ച് മൽസരാധിഷ്ഠിത ടെണ്ടർ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/20.9.21) ഭാവിയിൽ നടപ്പിലാക്കുന്ന പ്രവർത്തികളിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1-19-2 കരാറുകാർ ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളില്ല

